# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിറമരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.16/379/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.16/379/2023 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2021 മുതൽ 02-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 15-02-2023 | 23-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-02-2023 | 23-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ സത്താർ. സി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസഫ്. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വിനീത. പി. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഇസ്മയിൽ പുതുശ്ശേരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ടി കെ ബാബു | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 16-07-2021 |
| ശ്രീമതി. ബിന്ദു. ഇ | അസിസ്റ്റന്റ് സെക്രട്ടറി | 17-07-2021 | 31-03-2022 |
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അനിത സി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. സന്ദ കൃഷ്ണ വി.സി | വി.ഇ.ഒ | 01-04-2021 | 21-07-2021 |
| ശ്രീമതി. വിബിത സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്യാമധരൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. നിഷാന്ത് എം.എൻ | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2021 | 08-10-2021 |
| ഡോ. നിഷ പി ബി | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 09-10-2021 | 31-03-2022 |
| ഡോ. അനിത ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ. സാദിഖ് പി പി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.അനീഷ് കുമാർ എം | വി.ഇ.ഒ | 22-07-2021 | 31-03-2022 |
| ശ്രീമതി. മഞ്ജു ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സൌമ്യ മുരളീധരൻ പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ | 1-11-1 |
| 13 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം - പൊതു അപാകതകൾ. | 1-12 |
| 14 | വി.ഇ.ഒ - വീടുകൾക്ക് ബയോ ബിൻ നൽകൽ - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-13 |
| 15 | ചട്ടപ്രകാരമല്ലാതെ പാർക്കിങ്ങ് ഏർപ്പെടുത്തിയ കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചു | 1-14 |
| 16 | ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-15 |
| 17 | അസിസ്റ്റന്റ് എഞ്ചിനിയർ - കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-16 |
| 18 | എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ | 1-17 |
| 19 | ഓഡിറ്റ് എൻക്വയറി - മണ്ണ് ഫില്ലിംഗിന് അധികം നൽകിയ ₹5251 തിരിച്ചടച്ചു. | 1-18 |
| 20 | പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-19 |
| 21 | കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് - ഗുണഭോക്തൃ സമിതികളെ ചുമതലപ്പെടുത്തിയിട്ടില്ല | 1-20 |
| 22 | കൈപ്പറ്റ്, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 23 | മെഡിക്കൽ ഓഫീസർ, FHC - പ്രൊജക്ട് നിർവഹണം -അപാകതകൾ. | 1-22 |
| 24 | മുൻകൂറായി തുക നൽകിയിട്ടും നാളിതുവരെ യാതൊരു മരുന്നുകളും ലഭിച്ചിട്ടില്ല | 1-22-1 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1), തിയ്യതി 18.02.2021 | --- |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 14.07.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 1,41,01,291 |
| വരവ് | 8,47,47,480 |
| ആകെ | 9,88,48,771 |
| ചെലവ് | 8,06,97,540 |
| നീക്കിയിരിപ്പ് | 1,81,51,231 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 1,94,26,599 | 1,94,26,599 | 1,94,26,599 | 0 |
| വികസന ഫണ്ട് – എസ്.സി.പി | 0 | 37,18,667 | 37,18,667 | 37,18,667 | 0 |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 60,98,371 | 60,98,371 | 40,92,944 | 20,05,427 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 38,77,000 | 38,77,000 | 28,22,014 | 10,54,986 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UNTIED) | 0 | 42,46,000 | 42,46,000 | 33,58,383 | 8,87,617 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIED) | 0 | 1,00,91,730 | 1,00,91,730 | 38,07,870 | 62,83,860 |
| ബി ഫണ്ട് | | 5,22,29,200 | 5,22,29,200 | 5,22,29,200 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | (₹) | | (₹) | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 179 | 11,76,44,071 | 120 | 6,75,88,351 | 14 | 45 | 67.03 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 97,482 | 5,76,159 | 6,73,641 | 6,73,641 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,57,57,898 | 1,57,57,898 | 1,57,57,898 | 0 |
| ആകെ | 97,482 | 1,63,34,057 | 1,64,31,539 | 1,64,31,539 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6,56,000 | 422 |
| വിധവാപെൻഷൻ | 1,77,06,800 | 11184 |
| വാർദ്ധക്യകാലപെൻഷൻ | 2,70,45,800 | 17611 |
| വികലാംഗപെൻഷൻ | 60,21,400 | 3806 |
| വിവാഹ ധനസഹായം | 5,40,000 | 18 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,59,200 | 162 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2023ന് 12.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,355/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ , സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, സ്ട്രീറ്റ് വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർണ്ണമാക്കിയിട്ടില്ല.
2. പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
3. ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുന്ന മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2022 | 04/2022 മുതൽ 08/2022 വരെ | 26.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.01.2009 | 2004-05 മുതൽ 2008-09 വരെ | 25.11.2009 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. Try.TSB (450250110) അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ശ്രീ.സുരേഷ് ബാബു, ഒ.എ യ്ക്ക് 15,000/- രൂപ മുൻകൂർ നൽകിയതിൽ 6,000/- രൂപയാണ് തിരിച്ച് പിടിച്ചിരിക്കുന്നത്. ബാലൻസ് 9,000/- രൂപ. എന്നാൽ B-18 ഷെഡ്യൂൾ പ്രകാരം ആകെ ബാലൻസ് 3,000/- രൂപ മാത്രമാണ്.

4. അഡ്വാൻസ് രജിസ്റ്റർ പ്രകാരം KSEBക്ക് ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകിയതിൽ ആകെ ബാലൻസ് 1,93,000/- രൂപയാണ്. എന്നാൽ B-18 ഷെഡ്യൂൾ പ്രകാരം ആയത് 81,42,161/- രൂപയാണ്.

5. MGNREGS ന നൽകിയ മുൻകൂർ - രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

6. Advance To Other Authorised Agencies (460500399) B-18 ഷെഡ്യൂൾ പ്രകാരം 63,82,881/- രൂപ ബാലൻസുണ്ട്. എന്നാൽ രജിസ്റ്ററിൽ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല.

7. തൊഴിൽ നികുതി (എംപ്ലോയീസ് & ട്രേഡേഴ്സ്), ഡി&ഒ ലൈസൻസ്, പെർമിറ്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

8. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

9. ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് പ്രകാരം 35,462/- രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ B-4ഷെഡ്യൂൾ പ്രകാരം 5,73,087/- രൂപ ബാലൻസുണ്ട്.

10. MGNREGS - അഡ്മിൻ ചെലവ് (6,73,641/- രൂപ), തൊഴിലാളികളുടെ കൂലിയുൾപ്പെടുന്ന റവന്യൂ ചെലവ് (1,36,60,472/- രൂപ) എന്നിവ കൂടി ആകെ റവന്യൂ ചെലവ് 1,43,34,113/- രൂപയാണ്. എന്നാൽ I-6 ഷെഡ്യൂളിൽ ആയത് 1,64,07,409/- രൂപയാണ്.

11. 2020-21 വാർഷിക കണക്ക് അപാകതകൾ പരിഹരിക്കാൻ ശേഷിക്കുന്നു.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നീ ഫണ്ടുകളുടെ ചെലവ് വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | വാർഷിക കണക്ക്, എസി.ആർ |
|---|---|---|
| വികസനഫണ്ട് ജനറൽ | 2,28,05,000 | 1,94,26,599 |
| വികസനഫണ്ട് എസ്.സി.പി | 38,84,000 | 37,18,667 |

## 1-12 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം - പൊതു അപാകതകൾ.

(1) ഗുഡ്സ് & സർവ്വീസ് ആക്ട് 2017 - ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടേയും ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ (നികുതി ഒഴികെയുള്ള തുക) നൽകുന്ന ജി.എസ്.ടിയിന്മേൽ 2% ടി.ഡി.എസ് ഈടാക്കേണ്ടതാണ്. പഞ്ചായത്തിൽ പോഷകാഹാര വിതരണം നടത്തിയപ്പോൾ ന്യൂട്രിമിക്സ് വിതരണം ചെയ്ത കൈരളി ഫുഡ് പ്രൊഡക്ട്സ്, മറ്റു ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത ഒഴൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീതി സ്റ്റോർ എന്നിവർക്ക് പണം നൽകിയപ്പോൾ ജി.എസ്.ടി – ടി.ഡി.എസ് കുറവ് വരുത്തിയില്ല. ആയതു സംബന്ധിച്ച്നൽകിയ

ഓഡിറ്റ് എൻക്വയറി (09/21-22/21.02.2023) ക്ക് ലഭ്യമാക്കിയ മറുപടിയിൽ 2022-23 വർഷം മുതൽ ജി.എസ്.ടി – ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

(2) പഞ്ചായത്തു പരിധിയിലെ അംഗൻവാടികളിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ പഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. അപാകതത പരിഹരിക്കേണ്ടതാണ്.

## 1-13 വി.ഇ.ഒ - വീടുകൾക്ക് ബയോ ബിൻ നൽകൽ - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 - ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടേയും ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ (നികുതി ഒഴികെയുള്ള തുക) നൽകുന്ന ജി.എസ്.ടിയിന്മേൽ 2% ടി.ഡി.എസ് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിലെ ജി.എസ്.ടി – യിന്മേൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ബയോ ബിൻ വിതരണം (115/22) |
| അടങ്കൽ/ ഫണ്ട് | ₹22,00,000/- (കേന്ദ്രാ വിഷ്കൃത ഫണ്ട് – 594000 + BC – 220000) |
| ചെലവ് / വൗച്ചർ | ₹5,50,000/-, Vr No. 22100708/ 23.02.2023 |

മേൽ പദ്ധതി പ്രകാരം IRTC മുണ്ടൂർ എന്ന സ്ഥാപനം മുഖേന മൊത്തം 5,50,000/- രൂപയുടെ ബിന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേൽ ആക്ട് പ്രകാരം ഒരു കരാർ പ്രകാരമുള്ള വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടേയും ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12/21-22 തി 21.02.2023 ന്, തുടർന്നുള്ള വർഷങ്ങളിൽ ടി.ഡി.എസ് ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. തുക നൽകിയ സ്ഥാപനം ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 ചട്ടപ്രകാരമല്ലാതെ പാർക്കിങ്ങ് ഏർപ്പെടുത്തിയ കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചു

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 29 പ്രകാരം ഓരോ കെട്ടിടത്തിനും മോട്ടോർ കാറുകളുടെ പാർക്കിങ്ങിനായി തെരുവ് വിട്ടുള്ള പാർക്കിംഗ് സൗകര്യം വ്യവസ്ഥ ചെയ്യേണ്ടതാണ്. ചട്ടം 29(4) പ്രകാരം വാഹനത്തിന് തെരുവിലേക്ക് പ്രവേശിക്കുന്നതിനുള്ള മതിയായ സൗകര്യം, ഡ്രൈവിംഗിനുള്ള സ്ഥലം, ഡ്രൈവിംഗ് ഇടനാഴി, വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം എന്നിവയോട് കൂടിയാണ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടത്. കൂടാതെ ഏക ദിശയിലേക്കുള്ള വാഹന വഴിക്കുള്ള റാമ്പിന്റെ വീതി 3.5 മീറ്ററിൽ കുറയാൻ പാടില്ലാത്തതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകിയതിൽ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷകൻ | ശ്രീ. മുസ്തഫ, ചങ്ങമ്പള്ളി കൊടനിയിൽ |
| പെർമിറ്റ് | A1-BA(6927)/2022/06.01.2022 |
| ബിൽറ്റ് അപ്പ് ഏരിയ | 335.64 $M^2$ |
| ഒക്യുപൻസി ഗ്രൂപ്പ് | കൊമേഴ്സ്യൽ |
| കാർ പാർക്കിംഗ് – ആവശ്യമായത്/ നൽകിയത് | 4/4 |

മേൽ കെട്ടിടങ്ങളുടെ ഇടയിൽ ഏർപ്പെടുത്തിയ കാർ പാർക്കിംഗിൽ മറ്റു വാഹനങ്ങൾ മാറ്റാതെ ഡ്രൈവിംഗിനുള്ള സ്ഥലം, ഡ്രൈവിംഗ് ഇടനാഴി, വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം എന്നിവ വ്യവസ്ഥ ചെയ്തിട്ടില്ല. ചട്ട പ്രകാരമുള്ള പാർക്കിംഗ് ഏർപ്പെടുത്താത്ത കെട്ടിടത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകിയത് ക്രമ പ്രകാരമല്ല. ഓഡിറ്റ് എൻക്വയറി 14/21-22 തി 21.02.2023 മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള പാർക്കിംഗ് ഏർപ്പെടുത്തി പുതുക്കിയ പാർക്കിംഗ് പ്ലാൻ സമർപ്പിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

പഞ്ചായത്തിൽ ഇ - ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (1/20.02.2023) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ആണ് വരവ് വച്ചത് എന്നും, തുക പഞ്ചായത്തിന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

2022-23 വർഷത്തെ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI പുൽപറമ്പ് ബ്രാഞ്ചിലുള്ള 41044116431 നം അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ഈ തുകയും പഞ്ചായത്തിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-16 അസിസ്റ്റന്റ് എഞ്ചിനിയർ - കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ TR 7A കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. പരിശോധനക്ക് ഹാജറാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വരവുകളുടെ തിയ്യതി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
3. രസീത് പ്രകാരം കളക്ട് ചെയ്ത തുകയുടെ (ടെണ്ടർ ഫീ) വരവ് ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ ( 41044116431 -SBI പുൽപറമ്പ് ) വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
5. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20.02.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വള്ളിക്കാഞ്ഞിരം AMLPS ടോയ്‌ലെറ്റ് നിർമ്മാണം (147/22) എന്ന പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത എയ്ഡഡ് സ്കൂളാണ് ഇത്.

ചെലവ് : ₹2,91,806/- (22100797/ 22.03.2022 )

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷമാണ് എയ്ഡഡ് LP/UP സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി .

2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി

സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ( പട്ടിക 1.1.6) പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളിൽ ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ് എന്ന് വ്യക്തമാണ്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം സർക്കാർ സ്കൂളിൽ ഇനി വേണ്ട ടോയ്‌ലറ്റ് സൗകര്യത്തിന്റെ വിവരം താഴെ പറയുന്നു.

| സ്കൂൾ | കുറവുള്ള ടോയ്‌റ്റ് | |
|---|---|---|
| | ആൺ | പെൺ |
| GUPS നിറമരുതൂർ | 10 | 10 |

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളിന് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളിന് ടോയ്‌ലറ്റ് നിർമിച്ച് നൽകുന്നതിന് പ്രൊജക്ട് ഏറ്റെടുത്തത് ക്രമത്തിലല്ല.

2) ടോയ്‌ലറ്റ് ആവശ്യമില്ലാത്ത സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകി .

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്‌ലറ്റ് ഇല്ല എങ്കിൽ മാത്രമാണ് അവർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ.

പഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ എയ്ഡഡ് സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെക്കുറിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ ടോയ്‌ലറ്റ് ആവശ്യമുള്ള സ്കൂളുകളിൽ വള്ളിക്കാഞ്ഞിരം AMLP സ്കൂളിനെ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിക്കുന്ന ലിസ്റ്റ് പ്രകാരം ടോയ്‌ലറ്റ് ആവശ്യമുള്ളതായി കാണിച്ച എയ്ഡഡ് സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ചു നൽകാതെ ലിസ്റ്റിൽ ഉൾപ്പെടാത്ത സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 7/ 20.02.2023 ) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സ്കൂളിന് സൗകര്യങ്ങൾ കുറവ് ഉണ്ട് എങ്കിലും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതി കാരണമാണ് സർക്കാർ സ്കൂളിൽ ഈ പ്രൊജക്ട് ഏറ്റെടുക്കാൻ സാധിക്കാത്തത് എന്നും എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് ആവശ്യമുണ്ട് എന്ന് ബോധ്യപ്പെട്ടാണ് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത് നൽകിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ സ്കൂളിൽ ആവശ്യത്തിന് സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് പരിശ്രമങ്ങൾ നടത്താവുന്നതാണ്. ലഭ്യമായ സ്ഥലത്ത് വിദ്യാർത്ഥികൾക്ക് ആവശ്യത്തിന് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും സഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് പരിശ്രമങ്ങൾ നടത്തേണ്ടതും എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുമ്പോൾ അവയുടെ ആവശ്യകത സംബന്ധിച്ച വ്യക്തമായ രേഖ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-18 ഓഡിറ്റ് എൻക്വയറി - മണ്ണ് ഫില്ലിംഗിന് അധികം നൽകിയ ₹5251 തിരിച്ചടച്ചു.

2021-22 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ നൂർ മൈതാനം സബ്സെന്റർ പുനരുദ്ധാരണം (82/22) എന്ന പ്രവൃത്തിയിൽ മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് അർഹമായതിലും ഉയർന്ന നിരക്ക് നൽകിയത് മൂലം അധികം ചെലവഴിച്ച ₹5,251/- ഓഡിറ്റ് എൻക്വയറി ( 5/ 20.02.2023 ) നൽകിയതിനെത്തുടർന്ന് തിരിച്ചടച്ചു. (രസീത് നം 1220104807/ 22.02.2023 )

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I) പ്രവൃത്തികളുടെ നടത്തിപ്പ്.

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 79 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 51 പ്രൊജക്ടുകളിലായി ആകെ 1,27,41,047/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 79 | ആകെ അടങ്കൽ | ₹2,28,96,751 |
| നടപ്പിലാക്കിയത് | 51 | ചെലവ് | ₹1,27,41,047 |
| ശതമാനം | 65 | ചെലവ് ശതമാനം | 56 |

II) റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, ഉടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. മേൽ രജിസ്റ്ററുകൾ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

VI) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6/20.02.2023 ) ആസ്തി രജിസ്റ്റർ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ കാലികമാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ് എന്നും പരാമർശിക്കപ്പെട്ട മറ്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
മേൽ പരാമർശിക്കപ്പെട്ട ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് - ഗുണഭോക്തൃ സമിതികളെ ചുമതലപ്പെടുത്തിയിട്ടില്ല

തനത് ഫണ്ട് ചെലവ് പരിശോധനയിൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം, അറ്റകുറ്റപ്പണി മുതലായവയ്ക്ക് തുക ചെലവഴിച്ചത് ശ്രദ്ധയിൽ പെട്ടു. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | ചെക്ക് നം./തിയ്യതി | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 16018/8.11.21 | 13,137 | തേവർ കടപ്പുറം കുടിവെള്ള പദ്ധതി-വൈദ്യുതി ചാർജ് |
| 2 | 16522/9.12.21 | 753 | |
| 3 | 16538/21`.12.21 | 778 | |
| 4 | 16554/18.1.22 | 1,027 | |
| 5 | 16587/23.2.22 | 1,039 | |
| 6 | 17380/31.3.22 | 1,008 | |

| | | | |
|---|---|---|---|
| 7 | 15233/2.4.21 | 9,000 | പമ്പ് ഓപ്പറേറ്ററുടെ വേതനം |
| 8 | 15717/16.8.21 | 9,000 | |
| 9 | 15718/18.8.21 | 18,000 | |
| 10 | 16524/15.12.21 | 18,000 | |
| 11 | 15291/15.6.21 | 1,227 | മത്സ്യഭവൻ കുടിവെള്ള പദ്ധതി- വൈദ്യുതി ചാർജ് |
| 12 | 15981/24.8.21 | 1,435 | |
| 13 | 16538/21.12.21 | 1,146 | |
| 14 | 15306/16.6.21 | 7,000 | തേവർ കടപ്പുറം കുടിവെള്ള പദ്ധതി- റിപ്പയർ വർക്ക് |
| | ആകെ | 82,550 | |

14.02.2018ലെ സ.ഉ(കൈ) 22/2018/ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 6.6 കുറിപ്പ് നം.3 പ്രകാരം കുടിവെള്ള പദ്ധതികൾ അറ്റകുറ്റപണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്നും പ്രൊജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണെന്നും നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ച് കാണുന്നില്ല.

കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് ഏറ്റെടുക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവ് നടത്തുന്നത് സംബന്ധിച്ച് കാരണം വ്യക്തമാക്കേണ്ടതിന് എൻക്വയറി (നം. 15/23.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളപദ്ധതികളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പിനെ എൽപ്പിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 കൈപ്പറ്റ്, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പദ്ധതി : 213/22, ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - വിഹിതം നൽകൽ

നിർവ്വഹണം : സെക്രട്ടറി

ബിൽ/തിയ്യതി : 2115055200570136 2147/17.3.22 : ₹2,65,000/- (വികസനഫണ്ട് ജനറൽ)

പ്രസ്തുത ബിൽ പ്രകാരം തുക ഡി.ഡി.പി മലപ്പുറത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 17/23.02.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹2,65,000/- തടസ്സം ചെയ്യുന്നു.

## 1-22 മെഡിക്കൽ ഓഫീസർ, FHC - പ്രൊജക്ട് നിർവഹണം -അപാകതകൾ.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) തൻവർഷം രൂപീകരിച്ച 8 പ്രൊജക്ടുകളും നിർവഹണം നടത്തുകയും 93.71% തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും താഴെപ്പറയുന്ന അപാകതകൾ കാണപ്പെടുന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

1) പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) കാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.

3) പ്രൊജക്ട് നം. 93/22 ( കോവിഡ് പ്രതിരോധ പ്രവർത്തനം- മരുന്നും ഉപകരണങ്ങളും വാങ്ങൽ) പ്രകാരം 50 പൾസ് ഓക്സി മീറ്റർ താഴെ പറയുന്ന ഇൻവോയ്സ് മുഖേന വാങ്ങിയിട്ടുണ്ട്.

Bill Reference No. (BRN) 69092/12-5-21 Rs. 7,004/-

Invoice No. POZ/00010/2122/12-5-21 Of Capsicum, Triprangode, Tirur .

ഇതിനു പുറമെ, താഴെ പറയുന്ന സ്കൂളുകളിൽ നിന്നും ഏതാനും പൾസ് ഓക്സി മീറ്ററുകളും ലഭിച്ചിട്ടുണ്ട്.

| ക്ര. നം. | സ്കൂളിന്റെ പേര് | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | AMLPS വള്ളിക്കാഞ്ഞിരം | 5 | (സെക്രട്ടറിയുടെ A3-2104/21/18-5-21 പ്രകാരം ) |
| 2 | തേവർകടപ്പുറം ജ്ഞാനപ്രഭ | 17 | ,, |
| 3 | AMLPS കോരങ്ങത്ത് | 10 | (Dr. Nishanth ന്റെ 17-5-21ലെ കൈപ്പറ്റു പ്രകാരം ) |
| | ആകെ | 32 | |

Covid LP Stock Register ന്റെ (ഇതിൽ സ്ഥാപനത്തിന്റെ പേരോ സീലോ മറ്റ് യാതൊരു ആധികാരികതയും ഇല്ല)

പേജ് 45 - ൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ 50 എണ്ണം മാത്രമേ എടുത്തിട്ടുള്ളൂ. അവ തന്നെ അതേ തിയ്യതിയിൽ JHI ബാലചന്ദ്രന് ഇഷ്യൂ ചെയ്തതായും കാണിച്ചിരിക്കുന്നു. ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ടിയാന്റെ കൈപ്പറ്റ്, സ്റ്റോക്കിലെടുത്ത വിവരം എന്നിവ ഇല്ല.

വാങ്ങിയതും, സംഭാവനയായി ലഭിച്ചതുമടക്കം 82 പൾസ് ഓക്സി മീറ്ററുകളുടെ സ്റ്റോക്ക് നമ്പരടക്കമുള്ള സ്റ്റോക്ക് വിവരം, കൈപ്പറ്റിയയാളുടെ സ്റ്റോക്ക് വിവരം, കൈപ്പറ്റ് തുടങ്ങിയവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയും, മറ്റു അപാകതകൾ പരിഹരിച്ചും ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 16 / 21-22/ 23.02.2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.)

### 1-22-1 മുൻകൂറായി തുക നൽകിയിട്ടും നാളിതുവരെ യാതൊരു മരുന്നുകളും ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ : 42/22 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ )
നിർവഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നമ്പർ : BRN No. 1306233/10.03.2022 (₹3,00,000/-)

മേൽ ബിൽ പ്രകാരം, ഹോമിയോ ആശുപത്രി (എൻ.എച്ച്.എം) ലേക്ക് മരുന്ന വാങ്ങാൻ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PF1344/12.01.2022 ന്റെ അടിസ്ഥാനത്തിൽ 3,00,000/- രൂപ ഹോംകോക്ക് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു മരുന്നുകളും ലഭിച്ചിട്ടില്ല. ടി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അതു വരെ 3,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16/21-22/ 23.02.2023-ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 2021-2022 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി (₹) | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ നമ്പർ, പേര് | ചെലവ് (₹) | നീക്കി ബാക്കി (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 6,00,000 | പ്രൊ.നം.36 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന | 6,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| | 0 | 2245000 | പ്രൊ.നം.32 – ലൈഫ് ഭവന പദ്ധതി (എസ് സി) | 22,45,000 | 0 |
| ആകെ | 0 | 28,45,000 | | 28,45,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 6,00,000 | പ്രൊ.നം.36 – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 6,00,000 | 0 |
| | 0 | 1,94,800 | പ്രൊ.നം.18 – സുസ്ഥിര നെൽകൃഷി വികസനം | 1,94,800 | 0 |
| | 0 | 19,15,999 | പ്രൊ.നം.32 – ലൈഫ് ഭവന പദ്ധതി(ജനറൽ) | 19,15,999 | 0 |
| | 0 | 1,25,000 | പ്രൊ.നം.44 – പരിരക്ഷ | 1,25,000 | 0 |
| | 0 | 12,10,000 | പ്രൊ.നം.63 – ലൈഫ് ഭവന പദ്ധതി(എസ് സി) | 12,10,000 | 0 |
| ആകെ | 0 | 40,45,799 | | 40,45,799 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹) | തൻവർഷം അടച്ചത് (₹) | | വർഷാവസാന ബാക്കി (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 13,20,000 | 1,87,17,334 | 23,17,334 | - | 1,77,20,000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി- നഷ്ടം- 4750/രൂപ |
| | 2(3) | | | 2(3) സ്ഥാപന തൊഴിൽ നികുതി – പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക (₹) | അവശേഷിക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/spl.cell /csc/2012 Dt. 25.07.2014 | 20,000 + Interest | 20,000 | WP(c)1156/17 High Court Of Kerala Interest Stay 12.01.17 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 9,88,48,771 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,06,97,540 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,65,000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,65,000 | ശ്രീ. ടി.കെ ബാബു, സെക്രട്ടറി |
| 1-22-1 | 3,00,000 | ഡോ. നിഷ പി. ബി, മെഡിക്കൽ ഓഫീസർ, അലോപ്പതി. |
| ആകെ | 5,65,000 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം.16/2024/2022(1) തിയതി 21.10.2022 | 1 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/2024/2022(3) തിയതി 21.10.2022 | 4 |
| 2005-06 | കെ.എസ്.എ.എം.പി.എം.16/2024/2022(4) തിയതി 21.10.2022 | 1 |
| 2006-07 | കെ.എസ്.എ.എം.പി.എം.16/2024/2022(5) തിയതി 21.10.2022 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.16/2024/2022(6) തിയതി 21.10.2022 | 4 |
| 2008-09 | കെ.എസ്.എ.എം.പി.എം.16/2024/2022(7) തിയതി 21.10.2022 | 10 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.16/2024/2022(8) തിയതി 21.10.2022 | 3 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.16/2024/2022(9) തിയതി 21.10.2022 | 5 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2024/2022(10) തിയതി 21.10.2022 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 | 17 |

| | | |
|---|---|---|
| | തിയതി 10.06.2019 | |
| 2018-19 | കെ.എസ്.എ.എം.പി.എം.16/7/2020<br>തിയതി 06.03.2020 | 17 |
| 2019-20 | കെ.എസ്.എ.എം.പി.എം.16/1634/2021<br>തിയതി 17.10.2022 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം.16/1635/2021<br>തിയതി 08.11.2021 | 24 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്